KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ 510, തൃശ്ശൂർ – 680 020, കേരളം, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref: 32980 (Legal) തിയ്യതി - 16.05.2024

**<u>സർക്കുലർ നമ്പർ- 20 /2024 (Legal)</u>**

വിഷയം - വിവരാവകാശ നിയമം 2005 പ്രകാരം അപ്പലേറ്റ് അതോറിറ്റി,SPIO,APIO എന്നീ ചുമതലകളിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്.

സൂചന -
1. സർക്കുലർ നമ്പർ 76/2011 (P&HR) തിയ്യതി 31.12.2011.
2. സർക്കുലർ നമ്പർ 18/2007 (PA) തിയ്യതി 24.02.2007.

****

വിവരാവകാശ നിയമം 2005 പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് ശാഖകളിലും എസ്.ഡി.റ്റി ഓഫീസുകളിലും മാനേജർമാരെയും, മേഖലാ ഓഫീസുകളിൽ മേഖലാ മേധാവികളെയുമാണ് വിവരാവകാശ ഓഫീസർമാരായി നിയമിച്ചിരുന്നത്. നിലവിൽ എല്ലാ വിവരാവകാശ ഓഫീസർമാരും തീർപ്പ് കൽപ്പിക്കുന്ന അപേക്ഷയിന്മേൽ അപ്പീൽ സമർപ്പിക്കേണ്ടത് അപ്പീൽ അധികാരിയായ മാനേജിംഗ് ഡയറക്ടർ മുൻപാകെയാണ്. വിവരാവകാശ നിയമത്തിന്റെ പ്രചാരത്തെ തുടർന്ന് വിവരാവകാശ അപേക്ഷകളുടെയും അപ്പീലുകളുടെയും എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. ഈ അവസരത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളും അപ്പീലുകളും കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതുണ്ട്. ശാഖകളും, എസ്.ഡി.റ്റി ഓഫീസുകളും, റീജിയണൽ ഓഫീസുകളും അടക്കം ഏകദേശം എഴുന്നൂറോളം വിവരാവകാശ ഓഫീസർമാരുടെ നടപടിയിന്മേലുള്ള അപ്പീൽ നിലവിൽ മാനേജിംഗ് ഡയറക്ടറാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്. വിവരാവകാശ അപേക്ഷകളും അപ്പീലുകളും യഥാസമയം കൂടുതൽ കാര്യക്ഷമമായി തീർപ്പ് കൽപ്പിക്കാൻ നിലവിലെ ഘടനയിൽ അനുയോജ്യമായ മാറ്റം വരുത്തേണ്ടതുണ്ട്.

ആകയാൽ **2024 ജൂൺ മാസം ഒന്നാം തീയതി** മുതൽ കെ.എസ്.എഫ്.ഇ യുടെ വിവിധ ശാഖകൾ, മേഖലാ ഓഫീസുകൾ, എസ്.ഡി.റ്റി ഓഫീസുകൾ, ഹെഡ് ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ താഴെപ്രതിപാദിക്കും വിധം തീർപ്പ് കൽപ്പിക്കേണ്ടതാണ്.

1. മേഖലാ ഓഫീസുകളിൽ ലഭിയ്ക്കുന്ന വിവരാവകാശ അപേക്ഷകൾ പരിഗണിക്കുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (SPIO) അതത് മേഖലാ ഓഫീസിലെ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന മാനേജർ ആയിരിക്കും. അതുപോലെ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (APIO) മേഖലാ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് ചുമതലയുള്ള ഡെപ്യൂട്ടി/ അസിസ്റ്റന്റ് മാനേജർ ആയിരിക്കും. ശാഖകളിൽ ലഭിയ്ക്കുന്ന വിവരാവകാശ അപേക്ഷയിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിക്കുന്നതിന് വിവരാവകാശ നിയമം 2005 ന്റെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി അതത് മേഖലയിലെ അസിസ്റ്റന്റ് ജനറൽ മാനേജർ (റീജിയൺ) നെ അപ്പീൽ അതോറിറ്റിയായി ഇതിനാൽ നിയമിച്ച് ഉത്തരവാകുന്നു.
2. ഹെഡ് ഓഫീസ് റിക്കവറി വിഭാഗത്തിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ പരിഗണിയ്ക്കുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (SPIO) ടി വിഭാഗത്തിലെ ഏറ്റവും സീനിയർ ആയ മാനേജർ ആയിരിക്കും. ഹെഡ് ഓഫീസിലെ മറ്റു വിഭാഗങ്ങളിലെയും ശാഖകളിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതലകളിൽ മാറ്റമില്ല. എസ്.ഡി.റ്റി (ആർ.ആർ) ഓഫീസുകളിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷയിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിയ്ക്കുന്നതിന് വിവരാവകാശ നിയമം 2005 ന്റെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി DGM (Recovery) യെ അപ്പീൽ അതോറിറ്റിയായി ഇതിനാൽ നിയമിച്ച് ഉത്തരവാകുന്നു.
3. കെ.എസ്.എഫ്.ഇ മേഖലാ ഓഫീസുകളിലും, ഹെഡ് ഓഫീസിലെ വിവിധ വിഭാഗങ്ങളിലും ലഭിക്കുന്ന വിവരാവകാശ അപേക്ഷകളിന്മേലുള്ള അപ്പീൽ അധികാരി മാനേജിംഗ് ഡയറക്ടർ തന്നെയായിരിക്കുന്നതാണ്.

4. **a.** ശാഖകളിൽ ലഭിയ്ക്കുന്ന വിവരാവകാശ അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് മറുപടി നൽകുമ്പോൾ "ലഭിച്ച മറുപടിയിൽ ആക്ഷേപം ഉള്ളപക്ഷം ഈ മറുപടി ലഭിച്ച് **30 ദിവസത്തിനുള്ളിൽ** അപ്പീൽ അധികാരിയായ AGM (Region) മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്" എന്ന് ഉൾപ്പെടുത്തുകയും എ.ജി.എം റീജിയണിന്റെ പൂർണ്ണ ഔദ്യോഗിക വിലാസം വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. ശാഖകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (SPIO) അപേക്ഷകന് നൽകുന്ന മറുപടിയിൽ അപ്പീൽ അധികാരിയായി അതത് മേഖലാ മേധാവികളെ തന്നെ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

   **b.** SDT (RR) ഓഫിസുകളിൽ വിവരാവകാശ അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് മറുപടി നൽകുമ്പോൾ "ലഭിച്ച മറുപടിയിൽ ആക്ഷേപം ഉള്ളപക്ഷം ഈ മറുപടി ലഭിച്ച് **30 ദിവസത്തിനുള്ളിൽ** അപ്പീൽ അധികാരിയായ DGM (Recovery) മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്" എന്ന് ഉൾപ്പെടുത്തുകയും DGM(Recovery)യുടെ പൂർണ്ണ ഔദ്യോഗിക വിലാസം ഉൾക്കൊള്ളിക്കേണ്ടതുമാണ്.

   **c.** ഹെഡ് ഓഫീസിലെ വിവിധ വിഭാഗങ്ങളിലും മേഖലാ ഓഫിസുകളിലും ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് മറുപടി നൽകുമ്പോൾ "ലഭിച്ച മറുപടിയിൽ ആക്ഷേപം ഉള്ളപക്ഷം ഈ മറുപടി ലഭിച്ച് **30 ദിവസത്തിനുള്ളിൽ** അപ്പീൽ അധികാരിയായ മാനേജിങ് ഡയറക്ടർ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്" എന്ന് ഉൾപ്പെടുത്തുകയും മാനേജിങ് ഡയറക്ടറുടെ പൂർണ്ണ ഔദ്യോഗിക മേൽ വിലാസം ഉൾക്കൊള്ളിക്കേണ്ടതുമാണ്.

   **d.** DGM (Recovery), മേഖലാ മേധാവികൾ എന്നിവർ മുൻപാകെ സമർപ്പിക്കപ്പെടുന്ന അപ്പീലുകൾ തീർപ്പ് കൽപ്പിച്ച് മറുപടി നൽകുമ്പോൾ "ലഭിച്ച മറുപടിയിൽ ആക്ഷേപം ഉള്ള പക്ഷം ഈ മറുപടി ലഭിച്ച് **90 ദിവസത്തിനുള്ളിൽ** സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്" എന്ന് ഉൾപ്പെടുത്തുകയും സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പൂർണ്ണ ഔദ്യോഗിക മേൽ വിലാസം ഉൾക്കൊള്ളിക്കേണ്ടതുമാണ്.

5. വിവരാവകാശ ഓഫിസറും അപ്പീൽ അധികാരിയും നൽകുന്ന മറുപടിയിൽ ടിയാളുടെ പേരും, വിവരാവകാശ ഓഫിസർ/അപ്പീൽ അധികാരി എന്നതിൽ ബാധകമായ സ്ഥാനവും, സ്ഥാപനത്തിലെ ഔദ്യോഗിക പദവിയും വ്യക്തമാക്കേണ്ടതും Designation seal,Office seal എന്നിവ പതിച്ചിരിക്കേണ്ടതുമാണ്. വിവരാവകാശ നിയമപ്രകാരം അപ്പീൽ അധികാരി അപ്പീൽ ലഭിച്ചു **30 ദിവസത്തിനുള്ളിൽ** ആയത് തീർപ്പു കൽപ്പിച്ച് അപ്പീൽ അപേക്ഷകന് മറുപടി നൽകേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും വിവരാവകാശ നിയമത്തിന്റെ അന്തഃസത്ത ഉറപ്പാക്കുന്ന വിധം മറുപടികളും റിപ്പോർട്ടുകളും ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് അതീവ ശ്രദ്ധപുലർത്തണമെന്നും അറിയിക്കുന്നു.

കെ.എസ്.എഫ്.ഇ യ്ക്കുവേണ്ടി,

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To- എല്ലാ ശാഖാതലവൻമാർക്കും

പകർപ്പ് :- എല്ലാ മേഖലാഓഫീസുകൾക്കും
എല്ലാ ഓഡിറ്റ് ടീമുകൾക്കും
എല്ലാ കെ.എസ്.എഫ്.ഇ എസ്.ഡി.റ്റി (ആർ.ആർ) ഓഫീസുകൾക്കും
ഹെഡ് ഓഫീസിലെ എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും
എം.ഡിയുടെ പി.എ